**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.615**

**01/12/2015 ൽ മറുപടിയ്ക്ക്**

**കശുവണ്ടി പരിപ്പ് കച്ചവടവും ഡ്യൂട്ടി സ്കീപ് ആനുകൂല്യവും**

**ചോദ്യം**
**ശ്രീ.പി.കെ.ഗുരുദാസൻ**

**ഉത്തരം**
**ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)**

(എ) 2011 മുതൽ 2015 വരെ കയറ്റുമതി ചെയ്ത കശുവണ്ടി പരിപ്പിന്റെ അളവും അതിലൂടെ ലഭിച്ച തുകയും വർഷം തിരിച്ചുള്ള കണക്കും ലഭ്യമാക്കുമോ ;

(എ) കശുവണ്ടി പരിപ്പിന്റെ ഇന്ത്യയിൽ നിന്നുള്ള കയറ്റുമതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | അളവ് മെട്രിക് ടൺ | മൂല്യം രൂപ (കോടിയിൽ) |
|---|---|---|
| 2010-11 | 105755 | 2819.39 |
| 2011-12 | 130869 | 4383.82 |
| 2012-13 | 100105 | 4046.23 |
| 2013-14 | 114791 | 5058.73 |
| 2014-15 | 118952 | 5432.85 |

(ബി) 2011 മുതൽ 2015 വരെ കയറ്റുമതി ചെയ്ത കശുവണ്ടി പരിപ്പിന്റെ ആഭ്യന്തര കച്ചവടം എത്രയെന്നും ലഭിച്ച തുക എത്രയെന്നും വർഷം തിരിച്ച് കണക്ക് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(സി) 2011 മുതൽ 2015 വരെ കെ.എസ്.സി.ഡി.സിയും കാപെക്സും കയറ്റുമതി ചെയ്ത കശുവണ്ടി പരിപ്പിന്റെ അളവും അതിലൂടെ ലഭിച്ച തുകയും വർഷം തിരിച്ച് ലഭ്യമാക്കുമോ ;

(സി) കേരള സംസ്ഥാന കശുവണ്ടി വികസന കോർപറേഷൻ 2011 മുതൽ 2015 വരെ കയറ്റുമതി ചെയ്ത കശുവണ്ടി പരിപ്പിന്റെ അളവും അതിലൂടെ ലഭിച്ച തുകയും സംബന്ധിച്ച വിവരം വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.

| വർഷം | അളവ് (മെട്രിക് ടൺ) | തുക രൂപ (ലക്ഷം) |
|---|---|---|
| 2011-12 | 12.795 | 54.71 |
| 2012-13 | - | - |
| 2013-14 | 15 | 62.52 |
| 2014-15 | - | - |

കാപെക്സിൽ നിന്നും കയറ്റുമതി ചെയ്ത വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | തൂക്കം (മെട്രിക് ടൺ) | വില രൂപ (ലക്ഷം) |
|---|---|---|
| 2011-12 | - | - |
| 2012-13 | 396.024 | 1573.61 |
| 2013-14 | 476.388 | 2117.42 |
| 2014-15 | 331.752 | 1440.49 |

(ഡി) 2011 മുതൽ 2015 വരെ കെ.എസ്.സി.ഡി.സിയും കാപെക്സും ആഭ്യന്തര കച്ചവടത്തിലൂടെ വിറ്റ കശുവണ്ടി പരിപ്പിന്റെ കണക്ക് ലഭ്യമാക്കുമോ ;

(ഡി) കേരള സംസ്ഥാന കശുവണ്ടി വികസന കോർപറേഷൻ 2011 മുതൽ 2015 വരെ ആഭ്യന്തര കച്ചവടത്തിലൂടെ വിറ്റ കശുവണ്ടി പരിപ്പിന്റെ വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| വർഷം | അളവ് (മെട്രിക് ടൺ) | തുക രൂപ (കോടി) |
|---|---|---|
| 2011-12 | 7564.593 | 266.69 |
| 2012-13 | 3619.307 | 124.71 |
| 2013-14 | 3323.321 | 122.27 |
| 2014-15 | 3586.80 | 141.91 |

കാപ്പെക്സ് ആഭ്യന്തര വിപണി വഴി വിറ്റഴിച്ചത്.

| വർഷം | ളുക്കം (മെട്രിക് ടൺ) | വില (ലക്ഷം) |
|---|---|---|
| 2011-12 | 1988 | 6687.00 |
| 2012-13 | 1756 | 5221.00 |
| 2013-14 | 1223 | 3978.00 |
| 2014-15 | 1520 | 5845.00 |

(ഇ) പ്രസ്തുത കാലയളവിൽ കയറ്റുമതി പ്രോത്സാഹനത്തിന്റെ ഭാഗമായി കശുവണ്ടിക്ക് ലഭ്യമായ ഡ്യൂട്ടി സ്കീപ് ആനുകൂല്യം എത്രയെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ ;

(ഇ) 2011 മുതൽ 2015 വരെയുള്ള പ്രസ്തുത കാലയളവിൽ കയറ്റുമതി പ്രോത്സാഹനത്തിന്റെ ഭാഗമായി ലഭ്യമായ ഡ്യൂട്ടി സ്കീപ് ആനുകൂല്യം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

29/09/2011 വരെ 6.5 ശതമാനം

30/09/2011 മുതൽ 31/03/2015 വരെ 6 ശതമാനം

01/4/2015 മുതൽ 28/10/2015 വരെ എ,ബി എന്നീ കാറ്റഗറിയിൽ വരുന്ന രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുമ്പോൾ 2% കയറ്റുമതി ആനുകൂല്യവും 1% ഡ്രോബാക്കും ഉൾപ്പെടെ 3 ശതമാനംആനുകൂല്യം ലഭിക്കുന്നു. 'സി' കാറ്റഗറിയിൽ വരുന്ന രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുമ്പോൾ ആനുകൂല്യം ലഭിക്കുന്നതല്ല.

29/10/2015 മുതൽ എല്ലാ രാജ്യങ്ങളിലേക്കും കയറ്റുമതി ചെയ്യുമ്പോൾ 3% കയറ്റുമതി ആനുകൂല്യവും 1% ഡ്രോബാക്കും ഉൾപ്പെടെ 4% ആനുകൂല്യവും ലഭിക്കുന്നതാണ്.

(എഫ്) പ്രസ്തുത കാലയളവിൽ ഡ്യൂട്ടി സ്ക്രീപ് ഇനത്തിൽ കെ.എസ്.സി.ഡി.സിയ്ക്കും കാപെക്സിനും ലഭിച്ച തുക എത്രയെന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(എഫ്) കേരള സംസ്ഥാന കശുവണ്ടി വികസന കോർപറേഷന് ഡ്യൂട്ടി സ്ക്രീപ് ഇനത്തിൽ ലഭിച്ച തുക സംബന്ധിച്ച കണക്ക് വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.

| വർഷം | ഡ്യൂട്ടി സ്ക്രിപ് തുക |
|---|---|
| 2011-12 | - |
| 2012-13 | - |
| 2013-14 | 3,13,577,58 രൂപ |
| 2014-15 | 10,97,462 രൂപ |

കാപെക്സിനു കിട്ടിയ കയറ്റുമതി ആനുകൂല്യങ്ങൾ താഴെ വിവരിക്കുന്നു.

| വർഷം | ഡ്യൂട്ടി സ്ക്രിപ് തുക |
|---|---|
| 2011-12 | നേരിട്ടുള്ള കയറ്റുമതി ഇല്ല. |
| 2012-13 | 15.51 ലക്ഷം രൂപ |
| 2013-14 | 143.33 ലക്ഷം " |
| 2014-15 | 130.94 ലക്ഷം " |

(ജി) ഡ്യൂട്ടി സ്ക്രീപ് ആനുകൂല്യം അഞ്ച് ശതമാനത്തിൽ നിന്നും രണ്ട് ശതമാനമായി വെട്ടികുറച്ച നടപടി കേന്ദ്ര സർക്കാർ പിൻവലിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; ഡ്യൂട്ടി സ്ക്രീപ് ആനുകൂല്യം പുനഃസ്ഥാപിച്ചിട്ടില്ലെങ്കിൽ പുനഃസ്ഥാപിക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കുമോ ?

(ജി) ഭാഗികമായി പുനസ്ഥാപിച്ചിട്ടുണ്ട്. 29/10/2015 മുതൽ വെട്ടികുറച്ച MEIS ആനുകൂല്യം 2% എന്നത് 3% ആക്കിയിട്ടുണ്ട്. മുമ്പ് 2% എ,ബി കാറ്റഗറിയിൽ ഉള്ള രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്താൽ മാത്രമേ ലഭിയ്ക്കുമായിരുന്നുള്ളൂ. എന്നാൽ 29/10/2015 മുതൽ 3% വരെ എല്ലാ രാജ്യങ്ങളിലേക്കും കയറ്റുമതി ചെയ്താൽ ലഭിയ്ക്കും.

സെക്ഷൻ ഓഫീസർ